## വനിത ശിശു വികസന ഡയരക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ: അനുപമ റ്റി വി IAS)**

വിഷയം :- വനിത ശിശു വികസന വകുപ്പ്-ഓഡിറ്റ് സെൽ – വുമൺ പ്രൊട്ടക്ഷൻ ഓഫീസ്,ജില്ലാ ശിശു സംരക്ഷണ ഓഫീസ് എന്നിവിടങ്ങളിലെ ആഭ്യന്തര പരിശോധന- ജില്ലാ തല ആഭ്യന്തര പരിശോധന വിഭാഗത്തിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- 1. വനിതാ ശിശു വികസന ഡയരക്ടറുടെ 05-03-2021 ലെ AC1/9515/18 ാം നമ്പർ ഉത്തരവ്

2. സീനിയർ സൂപ്രണ്ട് ജില്ലാ തല ഐസിഡിഎസ് സെൽ ഇടുക്കിയുടെ 13-04-2021 ലെ നം. PO/IDK/A2-213/2021 കത്ത്

---

**ഉത്തരവ് നമ്പർ WCD/AC2-7681/21** **തീയ്യതി 09-08-2021**

---

ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ പരിധിയിൽ വരുന്ന കീഴ് കാര്യാലയങ്ങളിൽ ആഭ്യന്തര പരിശോധന നടത്തുന്നതിന് ജില്ലാ തലത്തിൽ ആഭ്യന്തര പരിശോധന വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ജില്ലാ തല ആഭ്യന്തര പരിശോധന വിഭാഗത്തിന്റെ ഉത്തരവാദിത്വങ്ങൾ നിശ്ചയിച്ച് നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന വുമൺ പ്രൊട്ടക്ഷൻ ഓഫീസ്,ജില്ലാ ശിശു സംരക്ഷണ ഓഫീസ് എന്നിവിടങ്ങളിൽ ജില്ലാ തല ആഭ്യന്തര പരിശോധന വിഭാഗം പരിശോധന നടത്താമോ എന്ന കാര്യത്തിൽ സ്പഷ്ടീകരണം നൽകണമെന്ന് വിവിധ ജില്ലാ തല ഓഡിറ്റ് ഓഫീസർമാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

വകുപ്പ് ഇക്കാര്യം വിശദമായി പരിശോധിച്ചു. വുമൺ പ്രൊട്ടക്ഷൻ ഓഫീസ്,ജില്ലാ ശിശു സംരക്ഷണ ഓഫീസ് എന്നിവ ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ പരിധിയിൽ വരുന്ന കീഴ് കാര്യാലയങ്ങൾ ആകയാൽ പ്രസ്തുത കാര്യാലയങ്ങളിൽ ആഭ്യന്തര പരിശോധന നടത്തേണ്ട ചുമതല ജില്ലാ തല ആഭ്യന്തര പരിശോധന വിഭാഗത്തിനാണെന്ന് സ്പഷ്ടീകരണം നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) പ്രകാരം ഉള്ള ഉത്തരവ് ഈ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഒപ്പ്)

**വനിതാ ശിശു വികസന ഡയറക്ടർ**

1. എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ ജില്ലാ തല ഐസിഡിഎസ് സെൽ സീനിയർ സൂപ്രണ്ട്/ഓഡിറ്റ് ഓഫീസർമാർക്കും

പകർപ്പ്

1. സീനിയർ ഫിനാൻസ് ഓഫീസ്/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
2. സൂപ്രണ്ട് ഇ സെക്ഷൻ
3. സൂപ്രണ്ട് ഐടി സെക്ഷൻ (വെബ്ബ് സൈറ്റിൽ പബ്ളീഷ് ചെയ്യുന്നതിലേക്കായി)
4. എല്ലാ ജില്ലാ വുമൺ പ്രൊട്ടക്ഷൻ ഓഫീസർമാർക്കും
5. എല്ലാ ജില്ലാ വനിതാ ശിശു സംരക്ഷണ ഓഫീസർമാർക്കും
6. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്